## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 585** | **26.04.2017-ൽ മറുപടിയ്ക്ക്**

### കേപ്പിന്റെ കീഴിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സ്ഥലമാറ്റത്തിലെ അപാകതകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേപ്പിന്റെ കീഴിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സ്ഥലമാറ്റത്തിലെ അപാകതകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | കേപ്പിന്റെ കീഴിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റത്തിൽ അപാകതകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ജൂനിയർ സൂപ്രണ്ടുമാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ലഭിച്ച എത്ര പരാതികൾ നിലവിൽ കേപ്പ് അധികൃതരുടെ പക്കലുണ്ട്; ഇതിൽ എത്ര എണ്ണം പരിഹരിച്ചു; ഇനി എത്ര എണ്ണം പരിഹരിക്കുവാനുണ്ട്; | (ബി) | രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. നിലവിൽ ജൂനിയർ സൂപ്രണ്ടുമാരുടെ ഒഴിവ് ഇല്ലാത്തതിനാൽ പ്രസ്തുത പരാതി പരിഹരിച്ചിട്ടില്ല. |
| (സി) | കേപ്പ് അധികൃതർ തെറ്റായ രീതീയിൽ നടത്തിയ സ്ഥലം മാറ്റങ്ങൾ സർക്കാർ പരിശോധിക്കുമോ; | (സി) | തെറ്റായ രീതീയിൽ സ്ഥലംമാറ്റങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇതു സംബന്ധിച്ച് സഹകരണ വകുപ്പ് സെക്രട്ടറിയ്ക്ക് ലഭിച്ച പരാതികളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ? | (ഡി) | പരാതികൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ കേപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ